പദ്ധതികൾ പൂർത്തിയാക്കാനായിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 164.48 കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുണ്ട്.

(സി) കിൻഫ്രയുടെ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ കെ.ബി.പി.എൽ എന്ന കമ്പനി ഒരു ജലാറ്റിൻ പ്ലാന്റ് സ്ഥാപിച്ച് ഉല്പാദനം ആരംഭിച്ചിട്ടുണ്ട്.

ടെക്നോപാർക്കിൽ ആരംഭിച്ച കമ്പനികൾ താഴെ പറയുന്നവയാണ്.

1) ജിയോ ലോജിക് ഇൻഡ്യാ ലിമിറ്റഡ്.

2) ഹെൽത്ത് കെയർ മീഡിയ ഇൻഡ്യ.

3) ഇൻഡ് സോഫ്റ്റ് ഇൻഫോടെക്

4) ടൂൾസ് ഇൻഡ്യ

5) സൺടെക്

6) സ്കയർഡിൽ

കെ.എസ്.ഐ.ഡി.സി. വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 43 പദ്ധതികൾക്ക് നിക്ഷേപാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം -1 †ൽ നൽകിയിരിക്കുന്നു. ചെറുകിട വ്യവസായങ്ങൾ എല്ലാം സ്വകാര്യ മേഖലയിലാണ് സ്ഥാപിതമായിരിക്കുന്നത്.

(ഡി) ഏകദേശം 1000 കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഐ.റ്റി. ഇലക്ട്രോണിക്സ്, റെഡിമെയ്ഡ് ഗാർമെന്റ്സ്, കളിമൺ വ്യവസായം, ജനറൽ എഞ്ചിനീയറിംഗ്, പ്രിന്റിംഗ്, തടി വ്യവസായം, ലതർ വ്യവസായം, റബ്ബർ, പ്ലാസ്റ്റിക്സ്, വിനോദസഞ്ചാരം, ആതുരസേവനം തുടങ്ങിയ രംഗങ്ങളിലാണ് മുതൽമുടക്ക് പ്രതീക്ഷിക്കുന്നത്.

(എഫ്) അമേരിക്ക, യൂറോപ്പ്, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നാണ് ടെക്നോപാർക്കിൽ മുതൽമുടക്കിന് തയ്യാറായി വന്നിട്ടുള്ളത്. ചെറുകിട വ്യവസായ മേഖലയിൽ സ്വകാര്യ വ്യക്തികളും. കെ.എസ്. ഐ.ഡി.സി. യുടെ സഹായത്തോടെ മുതൽമുടക്കിന് തയ്യാറായി വന്നിട്ടുള്ളവരുടെ വിശദാംശം അനുബന്ധം -2 ൽ നൽകിയിരിക്കുന്നു.†

10 (512) വൻകിട - ചെറുകിട വ്യവസായങ്ങളുടെ അനുപാതം

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട-ചെറുകിട വ്യവസായങ്ങളുടെ അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുപാതത്തിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ എത്രയെന്നറിയിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(സി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന വൻകിട - ചെറുകിട വ്യവസായങ്ങളുടെ അനുപാതം 1:1213 ആയിരുന്നു. ഇപ്പോൾ ഈ അനുപാതം ഏകദേശം 1:1348 ആണ്.

11 (513) വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്ന സംവിധാനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വർഷംതോറും അവലോകനം ചെയ്യാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു സംവിധാനമാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പുന:സംഘടിപ്പിക്കാൻ ഉദ്ദേശം ഉണ്ടോ?

ഉത്തരം

(എ)&(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഓരോ മാസവും നടത്തുന്ന പ്ളാൻ റിവ്യൂ മീറ്റിംഗിൽ അവലോകനം ചെയ്യുന്നുണ്ട്. സാമ്പത്തിക വർഷങ്ങളുടെ ആരംഭത്തിൽ നടത്തുന്ന പ്ളാൻ റിവ്യൂ കോൺഫറൻസിൽ വ്യവസായ വകുപ്പ് മുൻവർഷം നടപ്പിലാക്കിയ എല്ലാ പദ്ധതികളെപ്പറ്റിയും അവലോകനം നടത്തുന്നുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) തൽക്കാലം നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

12 (514) വൈദ്യുതി ചാർജ് വർദ്ധനവ്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിലായി നടന്ന വൈദ്യുതി ചാർജ് വർദ്ധനവ് സംസ്ഥാനത്തെ സ്വകാര്യ മേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങളെ ഏത് വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly